# പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2023 മാർച്ച് 20, തിങ്കളാഴ്ച

**നമ്പർ 111**

രാവിലെ 9.00 ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അതിന് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

[ചോദ്യോത്തരവേള ആരംഭിച്ചപ്പോൾതന്നെ 15-3-2023-ന് ബഹു. സ്പീക്കറുടെ ചേംബറിന് പുറത്ത് നടന്ന സംഘർഷവുമായി ബന്ധപ്പെട്ട് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾക്കെതിരെ പോലീസ് കേസ് എടുത്തതിൽ പ്രതിഷേധിച്ചുകൊണ്ട് പ്രതിപക്ഷ അംഗങ്ങൾ മുദ്രാവാക്യം വിളിക്കുകയും, പ്ലക്കാർഡുകൾ ഉയർത്തി സഭാനടപടികൾ തടസ്സപ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്തു. സഭാനടപടികൾ സുഗമമായി മുന്നോട്ട് കൊണ്ടുപോകുന്നതിന് സാധിക്കാതെ വന്നതിനെ തുടർന്ന് സഭ രാവിലെ 9.30-ന് താത്കാലികമായി നിർത്തിവച്ചു.]

രാവിലെ 11.28-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ സഭാ സമ്മേളനം പുനഃരാരംഭിച്ചു.

സ്പീക്കറുടെ റൂളിംഗ് :

2023 മാർച്ച് 14, 15 തീയതികളിൽ സഭയ്ക്കകത്തും പുറത്തും ഉണ്ടായ സംഭവങ്ങളെ സംബന്ധിച്ച് സ്പീക്കർ താഴെപ്പറയുന്ന റൂളിംഗ് നൽകി.

"സഭയുടെ നടപ്പു സമ്മേളനത്തിൽ 2023 മാർച്ച് 14, 15 എന്നീ തീയതികളിൽ സഭയ്ക്കകത്തും പുറത്തും ഉണ്ടായ ദൗർഭാഗ്യകരമായ ഒട്ടേറെ സംഭവങ്ങളെ സംബന്ധിച്ച് സഭയ്ക്കകത്ത് ഉയർന്നുവന്ന പരാതികൾ പരിശോധിച്ചശേഷം വിശദമായ റൂളിംഗ് നൽകുന്നതാണെന്ന് ചെയർ അറിയിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഏതാനും കാര്യങ്ങൾ സഭയെ അറിയിക്കുവാൻ ചെയർ ആഗ്രഹിക്കുന്നു.

കേരള നിയമസഭ അതിന്റെ രൂപീകരണത്തിന്റെ 66 സംവത്സരങ്ങൾ പൂർത്തീകരിക്കുകയാണ്. വൈവിധ്യമാർന്ന ഒട്ടേറെ മാതൃകാപരമായ നേട്ടങ്ങളാണ് പാർലമെന്ററി പ്രവർത്തനരംഗത്ത് ഈ കാലയളവിൽ കേരള നിയമസഭയ്ക്ക്

KNPP.449/2023(i).

ആർജ്ജിക്കുവാൻ കഴിഞ്ഞത്. പ്രഗത്ഭരും പ്രതിഭാധനന്മാരുമായിരുന്ന നമ്മുടെ മുൻഗാമികൾ കാണിച്ച വഴികളിലൂടെ സഞ്ചരിച്ചാണ് കേരള നിയമസഭ ഈ നേട്ടങ്ങളൊക്കെ സ്വായത്തമാക്കിയത്.

കാലാകാലങ്ങളിൽ സഭയ്ക്കകത്ത് ഉയർന്നു വന്നിരുന്ന പ്രശ്നങ്ങളിന്മേൽ കടുത്ത പ്രതിഷേധ പരിപാടികൾ സഭയ്ക്കകത്തും പുറത്തും ഇക്കാലയളവിൽ ഉണ്ടായിട്ടുണ്ട്. വിയോജിപ്പുകളുടെയും പ്രതിഷേധങ്ങളുടെയും ഭാഗമായിട്ടാണെങ്കിൽപ്പോലും ഒഴിവാക്കപ്പെടാമായിരുന്ന സംഭവ പരമ്പരകളാണ് കഴിഞ്ഞ ദിവസങ്ങളിൽ ഉണ്ടായതെന്ന കാര്യത്തിൽ ആർക്കെങ്കിലും വിയോജിപ്പ് ഉണ്ടാകുമെന്ന് ചെയർ കരുതുന്നില്ല.

ചട്ടം 50 പ്രകാരമുള്ള നോട്ടീസിന് അവതരണാനുമതി ലഭിക്കാത്തതു സംബന്ധിച്ച വിഷയമാണ് മുഖ്യമായും സഭാതലത്തിൽ പ്രതിഷേധം ഉയർന്നുവരാനുണ്ടായ കാരണമായി ഉന്നയിക്കപ്പെട്ടിട്ടുള്ളത്. ഇക്കാര്യം ഉന്നയിച്ചുകൊണ്ട് സഭാനടപടികൾ തടസ്സപ്പെടുത്തുന്ന വേളയിൽ ഗവണ്മെന്റിന്റെ നിർദ്ദേശ പ്രകാരമാണ് നോട്ടീസിന് അവതരണാനുമതി നിഷേധിക്കുന്നതെന്ന തരത്തിലുള്ള ആക്ഷേപങ്ങൾ അംഗങ്ങൾ ഉന്നയിച്ചിരുന്നു. ഇതേ ആക്ഷേപം സഭയ്ക്ക് പുറത്തും പ്രതിപക്ഷ കക്ഷിനേതാക്കൾ പത്രസമ്മേളനത്തിലൂടെയും മറ്റും ആവർത്തിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇത്തരം ആക്ഷേപങ്ങൾ വസ്തുതാപരമല്ലെന്നു മാത്രമല്ല, അത് ചെയറിന്റെ നിഷ്പക്ഷതയെ ചോദ്യം ചെയ്യുന്നതിന് തുല്യവും പാർലമെന്ററി മര്യാദകളുടെ കടുത്ത ലംഘനവും ആണെന്ന് അറിയിക്കട്ടെ.

വ്യത്യസ്ത കാരണങ്ങളാൽ നടപ്പു സമ്മേളനത്തിൽ റൂൾ 50 പ്രകാരമുള്ള 4 നോട്ടീസുകൾക്ക് അവതരണാനുമതി നിഷേധിച്ചിരുന്നു എന്നത് ഒരു വസ്തുതയാണെങ്കിലും അത് പ്രതിപക്ഷത്തിന്റെ ന്യായമായ അവകാശങ്ങൾ ശാശ്വതമായി തടയുവാൻ ഉദ്ദേശിച്ചുകൊണ്ടോ സർക്കാരിന്റെ താൽപര്യ സംരക്ഷണത്തിനു വേണ്ടിയോ ആയിരുന്നില്ല. സുപ്രധാന വിഷയങ്ങളിന്മേൽ റൂൾ 50 നോട്ടീസ് നൽകിക്കൊണ്ട് ചർച്ച ആവശ്യപ്പെടാനുള്ള പ്രതിപക്ഷത്തിന്റെ അവകാശത്തെ സംരക്ഷിക്കുവാൻ എന്റെ മുൻഗാമികൾ കാണിച്ചിട്ടുള്ള മാതൃക തുടർന്നും ഉണ്ടാകുമെന്നാണ് ഇതുസംബന്ധിച്ച് സഭയെ അറിയിക്കാനുള്ളത്. ബന്ധപ്പെട്ട ചട്ടങ്ങൾക്ക് നിരക്കാത്ത നോട്ടീസുകളിന്മേൽ യുക്തമായ നടപടികൾ സ്വീകരിക്കാനുള്ള ചെയറിന്റെ അധികാരത്തെ മറ്റു വിധത്തിൽ വ്യാഖ്യാനിക്കുന്നതോ അതിന്റെ പേരിൽ പാർലമെന്ററി മര്യാദകൾ ലംഘിക്കുന്നതോ യാതൊരു കാരണവശാലും അനുവദിക്കാനും ആകില്ല.

മറ്റൊരു കാര്യം ചെയറിനു സൂചിപ്പിക്കാനുള്ളത് സഭയ്ക്കകത്ത് അരങ്ങേറുന്ന പ്രതിഷേധങ്ങളെ സംബന്ധിച്ചാണ്. സഭാ ചട്ടപ്രകാരവും പെരുമാറ്റ ചട്ടപ്രകാരവും സഭയ്ക്കകത്ത് പ്രതിഷേധിക്കാനുള്ള അംഗങ്ങൾക്കുള്ള അവകാശം വളരെ പരിമിതമാണെങ്കിൽ പോലും കേരള നിയമസഭയിൽ സാമാന്യം ശക്തമായ പ്രതിഷേധങ്ങൾ ഉയർന്നുവന്നിട്ടുള്ള

മുൻ അനുഭവങ്ങൾ നിരവധിയാണ്. എന്നാൽ നടപടി ചട്ടപ്രകാരം സഭസമ്മേളനത്തിലായിരിക്കുമ്പോൾ സമാന്തര സമ്മേളനം എന്ന പേരിൽ ഒരു നീക്കം നടത്തുകയും അതിന്റെ ദൃശ്യങ്ങൾ മൊബൈലിലൂടെ പകർത്തി ചാനലുകൾക്ക് ലഭ്യമാക്കുകയും ചെയ്ത നടപടികളിൽ വളരെ സീനിയറായ അംഗങ്ങൾ വരെ പങ്കെടുത്തു എന്നത് ചെയറിനെ അത്ഭുതപ്പെടുത്തുകയുണ്ടായി. അത്തരം പ്രവർത്തനങ്ങൾ നമ്മുടെ സഭാ പൈതൃകത്തെ എത്രമാത്രം ദോഷകരമായി ബാധിക്കുമെന്ന കാര്യം ബഹുമാനപ്പെട്ട അംഗങ്ങൾ സ്വയം ചിന്തിക്കുമെന്നാണ് ചെയർ കരുതുന്നത്. ഭാവിയിൽ ഇത്തരം പ്രവർത്തനങ്ങൾ ആവർത്തിക്കപ്പെട്ടാൽ കർശന നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിക്കുന്നു.

പ്രതിഷേധത്തിന്റെ ഭാഗമായി പ്ലക്കാർഡുകളും ബാനറുകളും സഭയിൽ പ്രദർശിപ്പിക്കുന്ന രീതി കൂടിക്കൂടി വരുന്നതിലും ചെയറിന്റെ മുഖം മറയ്ക്കുന്ന തരത്തിൽ ബാനർ പ്രദർശിപ്പിക്കുന്ന രീതിയിലും ചെയറിനുള്ള കടുത്ത വിയോജിപ്പുകൂടി അറിയിക്കുന്നു. ഒരംഗം സംസാരിക്കുമ്പോൾ നിരന്തരം തടസ്സപ്പെടുത്തുക, അപശബ്ദങ്ങൾ പുറപ്പെടുവിക്കുക, ചെയറിന്റെ ആവർത്തിച്ചുള്ള നിർദ്ദേശങ്ങൾ അവഗണിച്ചുകൊണ്ട് ഇരുവിഭാഗങ്ങളും വാഗ്വാദങ്ങളിൽ ഏർപ്പെടുക എന്നിങ്ങനെയുള്ള അനഭിലഷണീയമായ പ്രവർത്തനങ്ങൾ ഉപേക്ഷിക്കുവാൻ എല്ലാ അംഗങ്ങളും തയ്യാറാകണമെന്ന് ചെയർ അഭ്യർത്ഥിക്കുകയാണ്.

നിയമസഭാ നടപടികളുടെ തത്സമയ സംപ്രേക്ഷണം 'സഭാ ടി.വി.' വഴി നടത്തുന്നതിൽ ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന അപാകത സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉൾപ്പെടെയുള്ളവർ നൽകിയ പരാതി ചെയർ പരിശോധിക്കുകയുണ്ടായി. അതുപോലെ പ്രതിപക്ഷ പ്രതിഷേധം നടക്കുന്ന സന്ദർഭ ങ്ങളിലെ സഭാ നടപടികളുടെ സംപ്രേക്ഷണത്തിൽ പ്രതിഷേധത്തിന്റെ വിഷ്വൽസ് കൂടി ഉൾപ്പെടുത്തുന്ന പാർലമെന്റിലെ മാതൃക ഇവിടേയും സ്വീകരിക്കണമെന്ന നിർദ്ദേശം വിശദമായി പരിശോധിച്ച് ഉടൻ തന്നെ അതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുതുക്കുന്നതാണെന്ന് വ്യക്തമാക്കാൻ ചെയർ ആഗ്രഹിക്കുന്നു.

അതുപോലെ വീഡിയോ ചിത്രീകരണങ്ങൾക്ക് വിലക്ക് ഏർപ്പെടുത്തിയിക്കുന്ന സഭാതലത്തിലും പരിസരത്തും നിന്നുള്ള ദൃശ്യങ്ങൾ മൊബൈലിൽ പകർത്തി പുറത്തു കൊടുക്കുന്ന പ്രവണത വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ അതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളും കക്ഷിനേതാക്കളുമായി കൂടിയാലോചിച്ച് ഉടൻ പുറപ്പെടുവിക്കുന്നതാണ്.

ഇനി ചെയറിനു സൂചിപ്പിക്കാനുള്ളത് മാർച്ച് 15-ന് നിയമസഭാ മന്ദിരത്തിൽവച്ച് നടന്ന ചില ദൗർഭാഗ്യകരമായ സംഭവങ്ങളെ സംബന്ധിച്ചാണ്. സഭയിൽ പ്രതിഷേധങ്ങൾ പലവിധത്തിൽ നടക്കാറുണ്ടെങ്കിലും സഭാദ്ധ്യക്ഷന്റെ ആഫീസ് ഉപരോധിക്കാനായി അന്ന് നടന്ന ശ്രമം അങ്ങേയറ്റം ദൗർഭാഗ്യകരമായിപ്പോയി എന്നാണ് ചെയർ നിരീക്ഷിക്കുന്നത്. അത്തരമൊരു നീക്കം ഒരുപക്ഷേ കേരള നിയമസഭയുടെ ചരിത്രത്തിൽത്തന്നെ

ആദ്യമായിട്ടായിരിക്കുമെന്നാണ് തോന്നുന്നത്. ഓഫീസ് ഉപരോധത്തെ തുടർന്ന് വാച്ച് ആന്റ് വാർഡ് സ്റ്റാഫുമായിട്ടുണ്ടായ ബലപ്രയോഗത്തിനിടയിൽ ഏതാനും അംഗങ്ങൾക്കും വാച്ച് ആന്റ് വാർഡ് സ്റ്റാഫിനും പരുക്കേൽക്കുകയും ആശുപത്രിയിൽ ചികിത്സയ്ക്ക് വിധേയമാവേണ്ടി വരികയും ചെയ്തിട്ടുണ്ട്. ചിലർക്ക് സാരമായ പരിക്കുകൾ ഉണ്ടായതായും മെഡിക്കൽ റിപ്പോർട്ടുണ്ട്. രണ്ട് ഭരണകക്ഷി അംഗങ്ങൾക്കെതിരെ ഉൾപ്പെടെ പത്തോളം പരാതികൾ ഇതിനകം ചെയറിന് ലഭിച്ചിട്ടുണ്ട്. ആശുപത്രിയിൽ ചികിത്സയിലായിരുന്നവരുടെ മൊഴിയുടെ അടിസ്ഥാനത്തിൽ മ്യൂസിയം പോലീസ് FIR ഇട്ട് തുടർ നടപടികൾ സ്വീകരിക്കുന്നതായും ചെയർ മനസ്സിലാക്കുന്നു.

നിയമസഭാദ്ധ്യക്ഷന്റെ അധികാര പരിധിയിൽവച്ച് നടന്ന ഒരു സംഭവം ആയതിനാലും ചട്ടം 164, 165 എന്നിവയിലെ വ്യവസ്ഥകൾ പാലിക്കേണ്ടതുള്ളതിനാലും ഇക്കാര്യം വിശദമായി പരിശോധിച്ചതിനുശേഷം മാത്രമേ ലഭ്യമായ പരാതികളിന്മേൽ യുക്തമായ തുടർനടപടികൾ സ്വീകരിക്കുകയുള്ളൂ എന്ന കാര്യം കൂടി ചെയർ അറിയിക്കുന്നു.

ബഹുമാനപ്പെട്ട അംഗങ്ങളേ,

നിയമസഭയുടെയും അതിന്റെ വിവിധ കമ്മിറ്റികളുടേയും പ്രവർത്തനങ്ങൾ തടസ്സമില്ലാതെയും സുഗമമായും നടത്തിക്കൊണ്ടു പോവുകയും അതുവഴി നമ്മുടെ നാട് നേരിട്ടുകൊണ്ടിരിക്കുന്ന വൈവിധ്യമായ പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുകയും ചെയ്യുക, മറ്റ് ഭരണഘടനാപരമായ ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുക എന്നിവ കേരള ജനത നമ്മെ ഏൽപ്പിച്ചിരിക്കുന്ന ഉത്തരവാദിത്തമാണ്. ആ ഉത്തരവാദിത്തം നൂറു ശതമാനം സത്യസന്ധതയോടെ നിർവ്വഹിക്കപ്പെടുന്ന കാര്യത്തിൽ നാമെല്ലാവരും നമ്മെ തെരഞ്ഞെടുത്തവരോട് കടപ്പെട്ടിരിക്കുന്നു. കേവലമായ രാഷ്ട്രീയ ഭിന്നതയുടേയും അഭിപ്രായ വ്യത്യാസങ്ങളുടേയും പേരിൽ അർപ്പിതമായ ഉത്തരവാദിത്തത്തിൽനിന്നും ഒഴിഞ്ഞുമാറുവാൻ നമുക്കാവില്ല. യോജിക്കാവുന്ന കാര്യങ്ങളിൽ യോജിച്ചുകൊണ്ടും വിയോജിക്കേണ്ട കാര്യങ്ങളിൽ വിയോജിച്ചുകൊണ്ടും നമ്മുടെ നിയമസഭാ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുവാൻ എല്ലാ അംഗങ്ങളും തയ്യാറാകണമെന്നാണ് ചെയറിനു നിർദ്ദേശിക്കുവാനുള്ളത്. ചട്ടങ്ങളും കീഴ്വഴക്കങ്ങളും നടപടിക്രമങ്ങളും അനുസരിച്ച് ഓരോ അംഗത്തിനും ലഭ്യമായിട്ടുള്ള അവകാശങ്ങൾ നിഷേധിക്കുന്ന തരത്തിലുള്ള ഒരു സമീപനവും ചെയറിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല, ഇനി ഉണ്ടാവുകയുമില്ല എന്ന കാര്യം ഒരിക്കൽക്കൂടി അടിവരയിട്ടു പറയാൻ ചെയർ ആഗ്രഹിക്കുകയാണ്.

Rule 50 നോട്ടീസുകൾക്കു പുറമെ നമ്മുടെ സഭയിൽ കഴിഞ്ഞ കുറെ കാലമായി തീരെ അവസരം ലഭിക്കാതിരുന്ന ചട്ടം 49 പ്രകാരമുള്ള അരമണിക്കൂർ ചർച്ച, അടിയന്തര പൊതുപ്രാധാന്യമുള്ള വിഷയങ്ങളിന്മേൽ ചട്ടം 58 പ്രകാരമുള്ള ചർച്ച, മറ്റ് പൊതുതാൽപര്യമുള്ള വിഷയങ്ങളിന്മേൽ ചട്ടം 130 പ്രകാരമുള്ള ചർച്ച, വിവിധ സഭാ സമിതികളുടെ

റിപ്പോർട്ടിന്മേലുള്ള ചട്ടം 205 ബി പ്രകാരമുള്ള ചർച്ച തുടങ്ങിയവയ്ക്ക് കൂടി സഭാതലത്തിൽ കൂടുതൽ അവസരങ്ങൾ ലഭ്യമാക്കുന്ന കാര്യത്തിൽ ചെയറിന്റെ ഭാഗത്തുനിന്നും ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടാകുന്നതാണെന്നു കൂടി ഇത്തരുണത്തിൽ സഭാംഗങ്ങളെ അറിയിക്കുകയാണ്."

(സ്പീക്കറുടെ റൂളിംഗിന്മേൽ പ്രതിപക്ഷ നേതാവ് സംസാരിച്ചു. തുടർന്ന്, പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ മുദ്രാവാക്യം വിളിക്കുകയും പ്ലക്കാർഡുകൾ ഉയർത്തി സഭാനടപടികൾ തടസ്സപ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്തു.)

[സഭാനടപടികൾ സുഗമമായി മുന്നോട്ട് കൊണ്ടുപോകുന്നതിന് സാധിക്കാതെ വന്നതിനെ തുടർന്ന് ശ്രദ്ധ ക്ഷണിക്കലും, ചട്ടം 304 അനുസരിച്ചുള്ള വിഷയങ്ങളും റദ്ദ് ചെയ്തതായി സ്പീക്കർ സഭയെ അറിയിച്ചു.]

<u>മേശപ്പുറത്തു വച്ച കടലാസ്സുകൾ</u> :

താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വച്ചു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1. | 202/2023 | ജി.ഒ.(എം.എസ്.) നമ്പർ 44/2023/ഹോം | 11-2-2023 |
| 2. | 223/2023 | വിജ്-സി3/541/2022-I/വിജ് | 10-2-2023 |
| 3. | 224/2023 | വിജ്-സി3/541/2022-II/വിജ് | 10-2-2023 |
| 4. | 225/2023 | വിജ്-സി3/541/2022-III/വിജ് | 10-2-2023 |
| 5. | 226/2023 | വിജ്-സി3/541/2022-IV/വിജ് | 10-2-2023 |
| 6. | 227/2023 | ജി.ഒ.(ആർ.ടി.) നമ്പർ 362/2023/ഹോം | 16-2-2023 |
| 7. | 231/2023 | ജി.ഒ.(പി) നമ്പർ 2/2023/ഹോം | 16-2-2023 |
| 8. | 239/2023 | ജി.ഒ.(ആർ.ടി) നമ്പർ 417/2023/ഹോം | 20-2-2023 |
| 9. | 242/2023 | ജി.ഒ.(എം.എസ്.) നമ്പർ 47/2023/ഹോം | 17-2-2023 |
| 10. | 244/2023 | ജി.ഒ.(എം.എസ്.) നമ്പർ 7/2023/ഹോം | 13-1-2023 |
| 11. | 245/2023 | ജി.ഒ.(ആർ.ടി) നമ്പർ 290/2023/ഹോം | 6-2-2023 |
| 12. | 250/2023 | ജി.ഒ.(എം.എസ്.) നമ്പർ 1/2023/ഹോം | 5-1-2023 |
| 13. | 260/2023 | ജി.ഒ.(ആർ.ടി.)നമ്പർ 447/2023/ഹോം | 23-2-2023 |
| 14. | 272/2023 | ജി.ഒ.(പി) നമ്പർ 10/2023/ഹോം | 27-2-2023 |

| | | | |
|---|---|---|---|
| 15. | 281/2023 | ജി.ഒ.(ആർ.ടി.) നമ്പർ 542/2023/ഹോം | 2-3-2023 |
| 16. | 286/2023 | ജി.ഒ.(എം.എസ്.) നമ്പർ 52/2023/ഹോം | 2-3-2023 |
| 17. | 289/2023 | ജി.ഒ.(ആർ.ടി.) നമ്പർ 546/2023/ഹോം | 2-3-2023 |
| 18. | 307/2023 | ജി.ഒ.(എം.എസ്)നമ്പർ 64/2023/ഹോം | 4-3-2023 |
| 19. | 256/2023 | ജി.ഒ.(പി)നമ്പർ 64/2023/ആർ.ഡി. | 24-2-2023 |
| 20. | 176/2023 | ജി.ഒ.(പി)നമ്പർ 1/2023/പവർ | 7-1-2023 |
| 21. | 187/2023 | ജി.ഒ.(പി)നമ്പർ 4/2022/പവർ | 15-12-2023 |
| 22. | 308/2023 | ജി.ഒ.(പി) നമ്പർ 2/2023/വനം | 27-2-2023 |
| 23. | 326/2023 | ജി.ഒ.(പി)നമ്പർ 36/2023/ടാക്സസ് | 10-3-2023 |
| 24. | 287/2023 | സ.ഉ.(അച്ചടി)നമ്പർ 11/2023/വ്യവ. | 23-2-2023 |
| 25. | 290/2023 | സ.ഉ.(അച്ചടി)നമ്പർ 12/2023/വ്യവ. | 27-2-2023 |
| 26. | 314/2023 | സ.ഉ.(അച്ചടി)നമ്പർ 14/2023/വ്യവ. | 28-2-2023 |
| 27. | 315/2023 | സ.ഉ.(അച്ചടി) നമ്പർ1 13/2023/വ്യവ. | 28-2-2023 |
| 28. | 316/2023 | സ.ഉ.(അച്ചടി)നമ്പർ 15/2023/വ്യവ. | 28-2-2023 |
| 29. | 317/2023 | സ.ഉ.(അച്ചടി)നമ്പർ 16/2023/വ്യവ. | 28-2-2023 |
| 30. | 320/2023 | സ.ഉ.(അച്ചടി)നമ്പർ 17/2023/വ്യവ. | 28-2-2023 |
| 31. | 638/2020 | ജി.ഒ.(പി)നമ്പർ 56/2020/എൽ.എസ്.ജി.ഡി. | 24-9-2020 |
| 32. | 282/2023 | ജി.ഒ.(പി)നമ്പർ 24/2023/ടി.ഡി. | 1-3-2023 |
| 33. | 283/2023 | ജി.ഒ.(പി)നമ്പർ 25/2023/ടി.ഡി. | 1-3-2023 |
| 34. | 284/2023 | ജി.ഒ.(പി)നമ്പർ 26/2023/ടി.ഡി. | 1-3-2023 |
| 35. | 285/2023 | ജി.ഒ.(പി)നമ്പർ 27/2023/ടി.ഡി. | 1-3-2023 |
| 36. | 246/2023 | ജി.ഒ.(പി)നമ്പർ 40/2023/കോ-ഓപ്പ് | 18-2-2023 |
| 37. | 266/2023 | ജി.ഒ.(പി)നമ്പർ 47/2023/കോ-ഓപ്പ് | 26-2-2023 |
| 38. | 267/2023 | ജി.ഒ.(പി)നമ്പർ 48/2023/കോ-ഓപ്പ് | 26-2-2023 |
| 39. | 273/2023 | ജി.ഒ.(പി)നമ്പർ 49/2023/കോ-ഓപ്പ് | 28-2-2023 |
| 40. | 291/2023 | ജി.ഒ.(പി)നമ്പർ 57/2023/കോ-ഓപ്പ് | 3-3-2023 |
| 41. | 294/2023 | ജി.ഒ.(പി)നമ്പർ 51/2023/കോ-ഓപ്പ് | 3-3-2023 |
| 42. | 295/2023 | ജി.ഒ.(പി)നമ്പർ 54/2023/കോ-ഓപ്പ് | 3-3-2023 |
| 43. | 296/2023 | ജി.ഒ.(പി) നമ്പർ 56/2023/കോ-ഓപ്പ് | 3-3-2023 |

| | | | |
|---|---|---|---|
| 44. | 297/2023 | ജി.ഒ.(പി)നമ്പർ 55/2023/കോ-ഓപ്പ് | 3-3-2023 |
| 45. | 300/2023 | ജി.ഒ.(പി)നമ്പർ 52/2023/കോ-ഓപ്പ് | 3-3-2023 |
| 46. | 301/2023 | ജി.ഒ.(പി)നമ്പർ 53/2023/കോ-ഓപ്പ് | 3-3-2023 |
| 47. | 302/2023 | ജി.ഒ.(പി)നമ്പർ 58/2023/കോ-ഓപ്പ് | 3-3-2023 |
| 48. | 303/2023 | ജി.ഒ.(പി)നമ്പർ 59/2023/കോ-ഓപ്പ് | 3-3-2023 |
| 49. | 305/2023 | ജി.ഒ.(പി)നമ്പർ 50/2023/കോ-ഓപ്പ് | 28-2-2023 |
| 50. | 313/2023 | ജി.ഒ.(പി)നമ്പർ 61/2023/കോ-ഓപ്പ് | 6-3-2023 |
| 51. | 331/2023 | ജി.ഒ.(പി)നമ്പർ 67/2023/കോ-ഓപ്പ് | 10-3-2023 |
| 52. | 252/2023 | ജി.ഒ.(പി)നമ്പർ 28/2023/എൽ.ബി.ആർ. | 22-2-2023 |
| 53. | 264/2023 | ജി.ഒ.(പി)നമ്പർ 30/2023/എൽ.ബി.ആർ. | 27-2-2023 |
| 54. | 265/2023 | ജി.ഒ.(പി)നമ്പർ 26/2023/എൽ.ബി.ആർ. | 16-2-2023 |
| 55. | 319/2023 | സ.ഉ.(പി)നമ്പർ 32/2023/തൊഴിൽ | 6-3-2023 |
| 56. | 268/2023 | ജി.ഒ.(പി)നമ്പർ 3/2023/സി.എ.ഡി. | 24-2-2023 |
| 57. | 276/2023 | ജി.ഒ.(പി) നമ്പർ 4/2023/സി.എ.ഡി. | 1-3-2023 |
| 58. | 277/2023 | ജി.ഒ.(പി)നമ്പർ 5/2023/സി.എ.ഡി. | 1-3-2023 |

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസ്സുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | |
|---|---|---|---|
| | | വർഷം | സ്വഭാവം |
| 1 | കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ | 2019-20 | വാർഷിക റിപ്പോർട്ട് |
| 2 | കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് | 2020-21 | വാർഷിക റിപ്പോർട്ട് |
| 3 | കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2020-21 | വാർഷിക റിപ്പോർട്ടും കണക്കുകളും |
| 4 | ദി കേരള സിറാമിക്സ് ലിമിറ്റഡ് | 2021-22 | വാർഷിക റിപ്പോർട്ടും കണക്കുകളും |
| 5 | കണ്ണൂർ സർവകലാശാല | 2021 | വാർഷിക റിപ്പോർട്ട് |
| | | 2021-2022 | വാർഷിക കണക്കുകൾ |
| 6 | കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ | 2021-22 | വാർഷിക റിപ്പോർട്ട് |

സമയം ദീർഘിപ്പിക്കുന്നതിനുള്ള പ്രമേയം:

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ശ്രീമതി. വീണാ ജോർജ്ജ് അവതരിപ്പിച്ച 2021-ലെ കേരള പൊതുജനാരോഗ്യ ബില്ലിനെ സംബന്ധിച്ച സെലക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയം 2023 മാർച്ച് 20 വരെ ദീർഘിപ്പിക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

റിപ്പോർട്ടുകളുടെ സമർപ്പണം :

i) 2021 - ലെ കേരള പൊതുജനാരോഗ്യ ബില്ലിനെ സംബന്ധിച്ച സെലക്ട് കമ്മിറ്റി റിപ്പോർട്ട് സഭയിൽ സമർപ്പിച്ചു.

ii) സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ നാല് മുതൽ എട്ട് വരെയുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു.

iii) സഭാ നേതാവും കാര്യോപദേശക സമിതി അംഗവുമായ ശ്രീ. പിണറായി വിജയൻ സമിതിയുടെ പത്താമത് റിപ്പോർട്ട് സമർപ്പിച്ചു.

റിപ്പോർട്ട് പരിഗണന :

കാര്യോപദേശകസമിതിയുടെ പത്താമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

ധനകാര്യം :

2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

വിദ്യാഭ്യാസം, കായികവിനോദം, കല, സാംസ്കാരം എന്ന XVII- ാം നമ്പർ ധനാഭ്യർത്ഥന, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥന എന്നിവയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 5-ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടിയും, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 5-ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി ഡോ. ആർ. ബിന്ദുവും അവതരിപ്പിച്ചു.

പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവനകൾ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ മേശപ്പുറത്ത് വച്ചു.

XVII-ാം നമ്പർ ധനാഭ്യർത്ഥന, XXIV-ാം നമ്പർ ധനാഭ്യർത്ഥന, XLVI-ാം നമ്പർ ധനാഭ്യർത്ഥന എന്നിവ സംബന്ധിച്ച് നോട്ടീസ് നൽകപ്പെട്ടിരുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല. തുടർന്ന് ധനാഭ്യർത്ഥനകൾ XVII, XXIV, XLVI എന്നിവ ചർച്ച കൂടാതെ സഭ പാസ്സാക്കി.

2023 മാർച്ച് 21-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി രാവിലെ 11.49 - ന് സഭ പിരിഞ്ഞു.

**എ. എം. ബഷീർ,**

*സെക്രട്ടറി.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

Eighth Session

# BULLETIN—PART I

(Brief Record of Proceedings)

*Monday, March 20, 2023.*

**No. 111**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions :*

Three Question in the list of Questions posted for the day were answered orally.

[At the commencement of the Question Hour, the Members belonging to the Opposition shouted slogans, hoisted placards and tried to disrupt the proceedings of the House protesting against the registration of case by Police against Members belonging to Opposition on the scuffle outside the Speaker's Chamber on 15-3-2023. Since the proceedings couldn't be carried forward smoothly, the House was temporarily adjourned at 9.30 a.m.]

The House re-assembled at 11.28 a.m. with Mr. Speaker in the Chair.

*Ruling by the Speaker :*

The Speaker gave the following ruling on the events that took place on March 14 and 15, 2023 inside and outside the House.

"സഭയുടെ നടപ്പു സമ്മേളനത്തിൽ 2023 മാർച്ച് 14, 15 എന്നീ തീയതികളിൽ സഭയ്ക്കകത്തും പുറത്തും ഉണ്ടായ ദൗർഭാഗ്യകരമായ ഒട്ടേറെ സംഭവങ്ങളെ സംബന്ധിച്ച് സഭയ്ക്കകത്ത് ഉയർന്നുവന്ന പരാതികൾ പരിശോധിച്ചശേഷം വിശദമായ റൂളിംഗ് നൽകുന്നതാണെന്ന് ചെയർ അറിയിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഏതാനും കാര്യങ്ങൾ സഭയെ അറിയിക്കുവാൻ ചെയർ ആഗ്രഹിക്കുന്നു.

കേരള നിയമസഭ അതിന്റെ രൂപീകരണത്തിന്റെ 66 സംവത്സരങ്ങൾ പൂർത്തീകരിക്കുകയാണ്. വൈവിധ്യമാർന്ന ഒട്ടേറെ മാതൃകാപരമായ നേട്ടങ്ങളാണ് പാർലമെന്ററി പ്രവർത്തനരംഗത്ത് ഈ കാലയളവിൽ കേരള നിയമസഭയ്ക്ക്

ആർജ്ജിക്കുവാൻ കഴിഞ്ഞത്. പ്രഗത്ഭരും പ്രതിഭാധനന്മാരുമായിരുന്ന നമ്മുടെ മുൻഗാമികൾ കാണിച്ച വഴികളിലൂടെ സഞ്ചരിച്ചാണ് കേരള നിയമസഭ ഈ നേട്ടങ്ങളൊക്കെ സ്വായത്തമാക്കിയത്.

കാലാകാലങ്ങളിൽ സഭയ്ക്കകത്ത് ഉയർന്നു വന്നിരുന്ന പ്രശ്നങ്ങളിന്മേൽ കടുത്ത പ്രതിഷേധ പരിപാടികൾ സഭയ്ക്കകത്തും പുറത്തും ഇക്കാലയളവിൽ ഉണ്ടായിട്ടുണ്ട്. വിയോജിപ്പുകളുടെയും പ്രതിഷേധങ്ങളുടെയും ഭാഗമായിട്ടാണെങ്കിൽപ്പോലും ഒഴിവാക്കപ്പെടാമായിരുന്ന സംഭവ പരമ്പരകളാണ് കഴിഞ്ഞ ദിവസങ്ങളിൽ ഉണ്ടായതെന്ന കാര്യത്തിൽ ആർക്കെങ്കിലും വിയോജിപ്പ് ഉണ്ടാകുമെന്ന് ചെയർ കരുതുന്നില്ല.

ചട്ടം 50 പ്രകാരമുള്ള നോട്ടീസിന് അവതരണാനുമതി ലഭിക്കാത്തതു സംബന്ധിച്ച വിഷയമാണ് മുഖ്യമായും സഭാതലത്തിൽ പ്രതിഷേധം ഉയർന്നുവരാനുണ്ടായ കാരണമായി ഉന്നയിക്കപ്പെട്ടിട്ടുള്ളത്. ഇക്കാര്യം ഉന്നയിച്ചുകൊണ്ട് സഭാനടപടികൾ തടസ്സപ്പെടുത്തുന്ന വേളയിൽ ഗവണ്മെന്റിന്റെ നിർദ്ദേശ പ്രകാരമാണ് നോട്ടീസിന് അവതരണാനുമതി നിഷേധിക്കുന്നതെന്ന തരത്തിലുള്ള ആക്ഷേപങ്ങൾ അംഗങ്ങൾ ഉന്നയിച്ചിരുന്നു. ഇതേ ആക്ഷേപം സഭയ്ക്ക് പുറത്തും പ്രതിപക്ഷ കക്ഷിനേതാക്കൾ പത്രസമ്മേളനത്തിലൂടെയും മറ്റും ആവർത്തിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇത്തരം ആക്ഷേപങ്ങൾ വസ്തുതാപരമല്ലെന്നു മാത്രമല്ല, അത് ചെയറിന്റെ നിഷ്പക്ഷതയെ ചോദ്യം ചെയ്യുന്നതിന് തുല്യവും പാർലമെന്ററി മര്യാദകളുടെ കടുത്ത ലംഘനവും ആണെന്ന് അറിയിക്കട്ടെ.

വ്യത്യസ്ത കാരണങ്ങളാൽ നടപ്പു സമ്മേളനത്തിൽ റൂൾ 50 പ്രകാരമുള്ള 4 നോട്ടീസുകൾക്ക് അവതരണാനുമതി നിഷേധിച്ചിരുന്നു എന്നത് ഒരു വസ്തുതയാണെങ്കിലും അത് പ്രതിപക്ഷത്തിന്റെ ന്യായമായ അവകാശങ്ങൾ ശാശ്വതമായി തടയുവാൻ ഉദ്ദേശിച്ചുകൊണ്ടോ സർക്കാരിന്റെ താൽപര്യ സംരക്ഷണത്തിനു വേണ്ടിയോ ആയിരുന്നില്ല. സുപ്രധാന വിഷയങ്ങളിന്മേൽ റൂൾ 50 നോട്ടീസ് നൽകിക്കൊണ്ട് ചർച്ച ആവശ്യപ്പെടാനുള്ള പ്രതിപക്ഷത്തിന്റെ അവകാശത്തെ സംരക്ഷിക്കുവാൻ എന്റെ മുൻഗാമികൾ കാണിച്ചിട്ടുള്ള മാതൃക തുടർന്നും ഉണ്ടാകുമെന്നാണ് ഇതുസംബന്ധിച്ച് സഭയെ അറിയിക്കാനുള്ളത്. ബന്ധപ്പെട്ട ചട്ടങ്ങൾക്ക് നിരക്കാത്ത നോട്ടീസുകളിന്മേൽ യുക്തമായ നടപടികൾ സ്വീകരിക്കാനുള്ള ചെയറിന്റെ അധികാരത്തെ മറ്റു വിധത്തിൽ വ്യാഖ്യാനിക്കുന്നതോ അതിന്റെ പേരിൽ പാർലമെന്ററി മര്യാദകൾ ലംഘിക്കുന്നതോ യാതൊരു കാരണവശാലും അനുവദിക്കാനും ആകില്ല.

മറ്റൊരു കാര്യം ചെയറിനു സൂചിപ്പിക്കാനുള്ളത് സഭയ്ക്കകത്ത് അരങ്ങേറുന്ന പ്രതിഷേധങ്ങളെ സംബന്ധിച്ചാണ്. സഭാ ചട്ടപ്രകാരവും പെരുമാറ്റ ചട്ടപ്രകാരവും സഭയ്ക്കകത്ത് പ്രതിഷേധിക്കാനുള്ള അംഗങ്ങൾക്കുള്ള അവകാശം വളരെ പരിമിതമാണെങ്കിൽ പോലും കേരള നിയമസഭയിൽ സാമാന്യം ശക്തമായ പ്രതിഷേധങ്ങൾ ഉയർന്നുവന്നിട്ടുള്ള

മുൻ അനുഭവങ്ങൾ നിരവധിയാണ്. എന്നാൽ നടപടി ചട്ടപ്രകാരം സഭസമ്മേളനത്തിലായിരിക്കുമ്പോൾ സമാന്തര സമ്മേളനം എന്ന പേരിൽ ഒരു നീക്കം നടത്തുകയും അതിന്റെ ദൃശ്യങ്ങൾ മൊബൈലിലൂടെ പകർത്തി ചാനലുകൾക്ക് ലഭ്യമാക്കുകയും ചെയ്തു നടപടികളിൽ വളരെ സീനിയറായ അംഗങ്ങൾ വരെ പങ്കെടുത്തു എന്നത് ചെയറിനെ അത്ഭുതപ്പെടുത്തുകയുണ്ടായി. അത്തരം പ്രവർത്തനങ്ങൾ നമ്മുടെ സഭാ പൈതൃകത്തെ എത്രമാത്രം ദോഷകരമായി ബാധിക്കുമെന്ന കാര്യം ബഹുമാനപ്പെട്ട അംഗങ്ങൾ സ്വയം ചിന്തിക്കുമെന്നാണ് ചെയർ കരുതുന്നത്. ഭാവിയിൽ ഇത്തരം പ്രവർത്തനങ്ങൾ ആവർത്തിക്കപ്പെട്ടാൽ കർശന നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിക്കുന്നു.

പ്രതിഷേധത്തിന്റെ ഭാഗമായി പ്ലക്കാർഡുകളും ബാനറുകളും സഭയിൽ പ്രദർശിപ്പിക്കുന്ന രീതി കൂടിക്കൂടി വരുന്നതിലും ചെയറിന്റെ മുഖം മറയ്ക്കുന്ന തരത്തിൽ ബാനർ പ്രദർശിപ്പിക്കുന്ന രീതിയിലും ചെയറിനുള്ള കടുത്ത വിയോജിപ്പുകൂടി അറിയിക്കുന്നു. ഒരംഗം സംസാരിക്കുമ്പോൾ നിരന്തരം തടസ്സപ്പെടുത്തുക, അപശബ്ദങ്ങൾ പുറപ്പെടുവിക്കുക, ചെയറിന്റെ ആവർത്തിച്ചുള്ള നിർദ്ദേശങ്ങൾ അവഗണിച്ചുകൊണ്ട് ഇരുവിഭാഗങ്ങളും വാഗ്വാദങ്ങളിൽ ഏർപ്പെടുക എന്നിങ്ങനെയുള്ള അനഭിലഷണീയമായ പ്രവർത്തനങ്ങൾ ഉപേക്ഷിക്കുവാൻ എല്ലാ അംഗങ്ങളും തയ്യാറാകണമെന്ന് ചെയർ അഭ്യർത്ഥിക്കുകയാണ്.

നിയമസഭാ നടപടികളുടെ തത്സമയ സംപ്രേക്ഷണം 'സഭാ ടി.വി.' വഴി നടത്തുന്നതിൽ ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന അപാകത സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉൾപ്പെടെയുള്ളവർ നൽകിയ പരാതി ചെയർ പരിശോധിക്കുകയുണ്ടായി. അതുപോലെ പ്രതിപക്ഷ പ്രതിഷേധം നടക്കുന്ന സന്ദർഭങ്ങളിലെ സഭാ നടപടികളുടെ സംപ്രേക്ഷണത്തിൽ പ്രതിഷേധത്തിന്റെ വിഷ്വൽസ് കൂടി ഉൾപ്പെടുത്തുന്ന പാർലമെന്റിലെ മാതൃക ഇവിടേയും സ്വീകരിക്കണമെന്ന നിർദ്ദേശം വിശദമായി പരിശോധിച്ച് ഉടൻ തന്നെ അതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുതുക്കുന്നതാണെന്ന് വ്യക്തമാക്കാൻ ചെയർ ആഗ്രഹിക്കുന്നു.

അതുപോലെ വീഡിയോ ചിത്രീകരണങ്ങൾക്ക് വിലക്ക് ഏർപ്പെടുത്തിയിരിക്കുന്ന സഭാതലത്തിലും പരിസരത്തും നിന്നുള്ള ദൃശ്യങ്ങൾ മൊബൈലിൽ പകർത്തി പുറത്തു കൊടുക്കുന്ന പ്രവണത വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ അതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളും കക്ഷിനേതാക്കളുമായി കൂടിയാലോചിച്ച് ഉടൻ പുറപ്പെടുവിക്കുന്നതാണ്.

ഇനി ചെയറിനു സൂചിപ്പിക്കാനുള്ളത് മാർച്ച് 15-ന് നിയമസഭാ മന്ദിരത്തിൽവച്ച് നടന്ന ചില ദൗർഭാഗ്യകരമായ സംഭവങ്ങളെ സംബന്ധിച്ചാണ്. സഭയിൽ പ്രതിഷേധങ്ങൾ പലവിധത്തിൽ നടക്കാറുണ്ടെങ്കിലും സഭാദ്ധ്യക്ഷന്റെ ആഫീസ് ഉപരോധിക്കാനായി അന്ന് നടന്ന ശ്രമം അങ്ങേയറ്റം ദൗർഭാഗ്യകരമായിപ്പോയി എന്നാണ് ചെയർ നിരീക്ഷിക്കുന്നത്. അത്തരമൊരു നീക്കം ഒരുപക്ഷേ കേരള നിയമസഭയുടെ ചരിത്രത്തിൽത്തന്നെ

ആദ്യമായിട്ടായിരിക്കുമെന്നാണ് തോന്നുന്നത്. ഓഫീസ് ഉപരോധത്തെ തുടർന്ന് വാച്ച് ആന്റ് വാർഡ് സ്റ്റാഫുമായിട്ടുണ്ടായ ബലപ്രയോഗത്തിനിടയിൽ ഏതാനും അംഗങ്ങൾക്കും വാച്ച് ആന്റ് വാർഡ് സ്റ്റാഫിനും പരുക്കേൽക്കുകയും ആശുപത്രിയിൽ ചികിത്സയ്ക്ക് വിധേയമാവേണ്ടി വരികയും ചെയ്തിട്ടുണ്ട്. ചിലർക്ക് സാരമായ പരിക്കുകൾ ഉണ്ടായതായും മെഡിക്കൽ റിപ്പോർട്ടുണ്ട്. രണ്ട് ഭരണകക്ഷി അംഗങ്ങൾക്കെതിരെ ഉൾപ്പെടെ പത്തോളം പരാതികൾ ഇതിനകം ചെയറിന് ലഭിച്ചിട്ടുണ്ട്. ആശുപത്രിയിൽ ചികിത്സയിലായിരുന്നവരുടെ മൊഴിയുടെ അടിസ്ഥാനത്തിൽ മ്യൂസിയം പോലീസ് FIR ഇട്ട് തുടർ നടപടികൾ സ്വീകരിക്കുന്നതായും ചെയർ മനസ്സിലാക്കുന്നു.

നിയമസഭാദ്ധ്യക്ഷന്റെ അധികാര പരിധിയിൽവച്ച് നടന്ന ഒരു സംഭവം ആയതിനാലും ചട്ടം 164, 165 എന്നിവയിലെ വ്യവസ്ഥകൾ പാലിക്കേണ്ടതുള്ളതിനാലും ഇക്കാര്യം വിശദമായി പരിശോധിച്ചതിനുശേഷം മാത്രമേ ലഭ്യമായ പരാതികളിന്മേൽ യുക്തമായ തുടർനടപടികൾ സ്വീകരിക്കുകയുള്ളൂ എന്ന കാര്യം കൂടി ചെയർ അറിയിക്കുന്നു.

ബഹുമാനപ്പെട്ട അംഗങ്ങളേ,

നിയമസഭയുടെയും അതിന്റെ വിവിധ കമ്മിറ്റികളുടേയും പ്രവർത്തനങ്ങൾ തടസ്സമില്ലാതെയും സുഗമമായും നടത്തിക്കൊണ്ടു പോവുകയും അതുവഴി നമ്മുടെ നാട് നേരിട്ടുകൊണ്ടിരിക്കുന്ന വൈവിധ്യമായ പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുകയും ചെയ്യുക, മറ്റ് ഭരണഘടനാപരമായ ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുക എന്നിവ കേരള ജനത നമ്മെ ഏൽപ്പിച്ചിരിക്കുന്ന ഉത്തരവാദിത്തമാണ്. ആ ഉത്തരവാദിത്തം നൂറു ശതമാനം സത്യസന്ധതയോടെ നിർവ്വഹിക്കപ്പെടുന്ന കാര്യത്തിൽ നാമെല്ലാവരും നമ്മെ തെരഞ്ഞെടുത്തവരോട് കടപ്പെട്ടിരിക്കുന്നു. കേവലമായ രാഷ്ട്രീയ ഭിന്നതയുടേയും അഭിപ്രായ വ്യത്യാസങ്ങളുടേയും പേരിൽ അർപ്പിതമായ ഉത്തരവാദിത്തത്തിൽനിന്നും ഒഴിഞ്ഞുമാറുവാൻ നമുക്കാവില്ല. യോജിക്കാവുന്ന കാര്യങ്ങളിൽ യോജിച്ചുകൊണ്ടും വിയോജിക്കേണ്ട കാര്യങ്ങളിൽ വിയോജിച്ചുകൊണ്ടും നമ്മുടെ നിയമസഭാ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുവാൻ എല്ലാ അംഗങ്ങളും തയ്യാറാകണമെന്നാണ് ചെയറിനു നിർദ്ദേശിക്കുവാനുള്ളത്. ചട്ടങ്ങളും കീഴ്വഴക്കങ്ങളും നടപടിക്രമങ്ങളും അനുസരിച്ച് ഓരോ അംഗത്തിനും ലഭ്യമായിട്ടുള്ള അവകാശങ്ങൾ നിഷേധിക്കുന്ന തരത്തിലുള്ള ഒരു സമീപനവും ചെയറിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല, ഇനി ഉണ്ടാവുകയുമില്ല എന്ന കാര്യം ഒരിക്കൽക്കൂടി അടിവരയിട്ടു പറയാൻ ചെയർ ആഗ്രഹിക്കുകയാണ്.

Rule 50 നോട്ടീസുകൾക്കു പുറമെ നമ്മുടെ സഭയിൽ കഴിഞ്ഞ കുറെ കാലമായി തീരെ അവസരം ലഭിക്കാതിരുന്ന ചട്ടം 49 പ്രകാരമുള്ള അരമണിക്കൂർ ചർച്ച, അടിയന്തര പൊതുപ്രാധാന്യമുള്ള വിഷയങ്ങളിന്മേൽ ചട്ടം 58 പ്രകാരമുള്ള ചർച്ച, മറ്റ് പൊതുതാൽപര്യമുള്ള വിഷയങ്ങളിന്മേൽ ചട്ടം 130 പ്രകാരമുള്ള ചർച്ച, വിവിധ സഭാ സമിതികളുടെ റിപ്പോർട്ടിന്മേലുള്ള

ചട്ടം 205 ബി പ്രകാരമുള്ള ചർച്ച തുടങ്ങിയവയ്ക്ക് കൂടി സഭാതലത്തിൽ കൂടുതൽ അവസരങ്ങൾ ലഭ്യമാക്കുന്ന കാര്യത്തിൽ ചെയറിന്റെ ഭാഗത്തുനിന്നും ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടാകുന്നതാണെന്നു കൂടി ഇത്തരുണത്തിൽ സഭാംഗങ്ങളെ അറിയിക്കുകയാണ്."

(The Leader of the Opposition spoke on the ruling of the Chair and again the Members belonging to the Opposition shouted slogans, hoisted placards and tried to disrupt the proceedings of the House.)

[Since the proceedings couldn't be carried forward smoothly, the Speaker informed the House that the Calling Attention and Matters under Rule 304 were cancelled.]

*Papers laid on the table :*

The following papers were laid on the Table.

i) Papers as per rule 166 (1) :

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1. | 202/2023 | ജി.ഒ.(എം.എസ്.) നമ്പർ 44/2023/ഹോം | 11-2-2023 |
| 2. | 223/2023 | വിജ്-സി3/541/2022-I/വിജ് | 10-2-2023 |
| 3. | 224/2023 | വിജ്-സി3/541/2022-II/വിജ് | 10-2-2023 |
| 4. | 225/2023 | വിജ്-സി3/541/2022-III/വിജ് | 10-2-2023 |
| 5. | 226/2023 | വിജ്-സി3/541/2022-IV/വിജ് | 10-2-2023 |
| 6. | 227/2023 | ജി.ഒ.(ആർ.ടി.) നമ്പർ 362/2023/ഹോം | 16-2-2023 |
| 7. | 231/2023 | ജി.ഒ.(പി) നമ്പർ 2/2023/ഹോം | 16-2-2023 |
| 8. | 239/2023 | ജി.ഒ.(ആർ.ടി) നമ്പർ 417/2023/ഹോം | 20-2-2023 |
| 9. | 242/2023 | ജി.ഒ.(എം.എസ്.) നമ്പർ 47/2023/ഹോം | 17-2-2023 |
| 10. | 244/2023 | ജി.ഒ.(എം.എസ്.) നമ്പർ 7/2023/ഹോം | 13-1-2023 |
| 11. | 245/2023 | ജി.ഒ.(ആർ.ടി) നമ്പർ 290/2023/ഹോം | 6-2-2023 |
| 12. | 250/2023 | ജി.ഒ.(എം.എസ്.) നമ്പർ 1/2023/ഹോം | 5-1-2023 |
| 13. | 260/2023 | ജി.ഒ.(ആർ.ടി.)നമ്പർ 447/2023/ഹോം | 23-2-2023 |
| 14. | 272/2023 | ജി.ഒ.(പി) നമ്പർ 10/2023/ഹോം | 27-2-2023 |

| | | | |
|---|---|---|---|
| 15. | 281/2023 | ജി.ഒ.(ആർ.ടി.) നമ്പർ 542/2023/ഹോം | 2-3-2023 |
| 16. | 286/2023 | ജി.ഒ.(എം.എസ്.) നമ്പർ 52/2023/ഹോം | 2-3-2023 |
| 17. | 289/2023 | ജി.ഒ.(ആർ.ടി.) നമ്പർ 546/2023/ഹോം | 2-3-2023 |
| 18. | 307/2023 | ജി.ഒ.(എം.എസ്)നമ്പർ 64/2023/ഹോം | 4-3-2023 |
| 19. | 256/2023 | ജി.ഒ.(പി)നമ്പർ 64/2023/ആർ.ഡി. | 24-2-2023 |
| 20. | 176/2023 | ജി.ഒ.(പി)നമ്പർ 1/2023/പവർ | 7-1-2023 |
| 21. | 187/2023 | ജി.ഒ.(പി)നമ്പർ 4/2022/പവർ | 15-12-2023 |
| 22. | 308/2023 | ജി.ഒ.(പി) നമ്പർ 2/2023/വനം | 27-2-2023 |
| 23. | 326/2023 | ജി.ഒ.(പി)നമ്പർ 36/2023/ടാക്സസ് | 10-3-2023 |
| 24. | 287/2023 | സ.ഉ.(അച്ചടി)നമ്പർ 11/2023/വ്യവ. | 23-2-2023 |
| 25. | 290/2023 | സ.ഉ.(അച്ചടി)നമ്പർ 12/2023/വ്യവ. | 27-2-2023 |
| 26. | 314/2023 | സ.ഉ.(അച്ചടി)നമ്പർ 14/2023/വ്യവ. | 28-2-2023 |
| 27. | 315/2023 | സ.ഉ.(അച്ചടി) നമ്പർ) 113/2023/വ്യവ. | 28-2-2023 |
| 28. | 316/2023 | സ.ഉ.(അച്ചടി)നമ്പർ 15/2023/വ്യവ. | 28-2-2023 |
| 29. | 317/2023 | സ.ഉ.(അച്ചടി)നമ്പർ 16/2023/വ്യവ. | 28-2-2023 |
| 30. | 320/2023 | സ.ഉ.(അച്ചടി)നമ്പർ 17/2023/വ്യവ. | 28-2-2023 |
| 31. | 638/2020 | ജി.ഒ.(പി)നമ്പർ 56/2020/എൽ.എസ്.ജി.ഡി. | 24-9-2020 |
| 32. | 282/2023 | ജി.ഒ.(പി)നമ്പർ 24/2023/ടി.ഡി. | 1-3-2023 |
| 33. | 283/2023 | ജി.ഒ.(പി)നമ്പർ 25/2023/ടി.ഡി. | 1-3-2023 |
| 34. | 284/2023 | ജി.ഒ.(പി)നമ്പർ 26/2023/ടി.ഡി. | 1-3-2023 |
| 35. | 285/2023 | ജി.ഒ.(പി)നമ്പർ 27/2023/ടി.ഡി. | 1-3-2023 |
| 36. | 246/2023 | ജി.ഒ.(പി)നമ്പർ 40/2023/കോ-ഓപ്പ് | 18-2-2023 |
| 37. | 266/2023 | ജി.ഒ.(പി)നമ്പർ 47/2023/കോ-ഓപ്പ് | 26-2-2023 |
| 38. | 267/2023 | ജി.ഒ.(പി)നമ്പർ 48/2023/കോ-ഓപ്പ് | 26-2-2023 |
| 39. | 273/2023 | ജി.ഒ.(പി)നമ്പർ 49/2023/കോ-ഓപ്പ് | 28-2-2023 |
| 40. | 291/2023 | ജി.ഒ.(പി)നമ്പർ 57/2023/കോ-ഓപ്പ് | 3-3-2023 |
| 41. | 294/2023 | ജി.ഒ.(പി)നമ്പർ 51/2023/കോ-ഓപ്പ് | 3-3-2023 |
| 42. | 295/2023 | ജി.ഒ.(പി)നമ്പർ 54/2023/കോ-ഓപ്പ് | 3-3-2023 |
| 43. | 296/2023 | ജി.ഒ.(പി) നമ്പർ 56/2023/കോ-ഓപ്പ് | 3-3-2023 |

| | | | |
|---|---|---|---|
| 44. | 297/2023 | ജി.ഒ.(പി)നമ്പർ 55/2023/കോ-ഓപ്പ് | 3-3-2023 |
| 45. | 300/2023 | ജി.ഒ.(പി)നമ്പർ 52/2023/കോ-ഓപ്പ് | 3-3-2023 |
| 46. | 301/2023 | ജി.ഒ.(പി)നമ്പർ 53/2023/കോ-ഓപ്പ് | 3-3-2023 |
| 47. | 302/2023 | ജി.ഒ.(പി)നമ്പർ 58/2023/കോ-ഓപ്പ് | 3-3-2023 |
| 48. | 303/2023 | ജി.ഒ.(പി)നമ്പർ 59/2023/കോ-ഓപ്പ് | 3-3-2023 |
| 49. | 305/2023 | ജി.ഒ.(പി)നമ്പർ 50/2023/കോ-ഓപ്പ് | 28-2-2023 |
| 50. | 313/2023 | ജി.ഒ.(പി)നമ്പർ 61/2023/കോ-ഓപ്പ് | 6-3-2023 |
| 51. | 331/2023 | ജി.ഒ.(പി)നമ്പർ 67/2023/കോ-ഓപ്പ് | 10-3-2023 |
| 52. | 252/2023 | ജി.ഒ.(പി)നമ്പർ 28/2023/എൽ.ബി.ആർ. | 22-2-2023 |
| 53. | 264/2023 | ജി.ഒ.(പി)നമ്പർ 30/2023/എൽ.ബി.ആർ. | 27-2-2023 |
| 54. | 265/2023 | ജി.ഒ.(പി)നമ്പർ 26/2023/എൽ.ബി.ആർ. | 16-2-2023 |
| 55. | 319/2023 | സ.ഉ.(പി)നമ്പർ 32/2023/തൊഴിൽ | 6-3-2023 |
| 56. | 268/2023 | ജി.ഒ.(പി)നമ്പർ 3/2023/സി.എ.ഡി. | 24-2-2023 |
| 57. | 276/2023 | ജി.ഒ.(പി) നമ്പർ 4/2023/സി.എ.ഡി. | 1-3-2023 |
| 58. | 277/2023 | ജി.ഒ.(പി)നമ്പർ 5/2023/സി.എ.ഡി. | 1-3-2023 |

ii) Papers as per Rule 166 (B)

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | |
|---|---|---|---|
| | | വർഷം | സ്വഭാവം |
| 1 | കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ | 2019-20 | വാർഷിക റിപ്പോർട്ട് |
| 2 | കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് | 2020-21 | വാർഷിക റിപ്പോർട്ട് |
| 3 | കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2020-21 | വാർഷിക റിപ്പോർട്ടും കണക്കുകളും |
| 4 | ദി കേരള സിറാമിക്സ് ലിമിറ്റഡ് | 2021-22 | വാർഷിക റിപ്പോർട്ടും കണക്കുകളും |
| 5 | കണ്ണൂർ സർവകലാശാല | 2021 | വാർഷിക റിപ്പോർട്ട് |
| | | 2021-2022 | വാർഷിക കണക്കുകൾ |
| 6 | കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ | 2021-22 | വാർഷിക റിപ്പോർട്ട് |

*Motion for Extension of Time :*

The motion that the time for presentation of Report of the Select Committee on the Kerala Public Health Bill, 2021 be extended till March 20, 2023 moved by Smt. Veena George, Minister for Health and Woman and Child Development was adopted by the House.

*Presentation of Reports :*

i) The Select Committee on the Kerala Public Health Bill, 2021 was presented.

ii) The Fourth to Eight Reports reports of the Committee on the Welfare of Women, Transgenders, Children and Differently abled were presented.

iii) Shri Pinarayi Vijayan, Leader of the House and Member, Business Advisory Committee presented the Tenth Report of the Business Advisory Committee.

*Consideration of Report:*

The Tenth Report of the Business Advisory Committee was adopted.

*Financial Business :*

*Discussion and Voting on Demands for Grants in the Budget for the financial year 2022-23*

Shri V. Sivankutty, Minister for General Education and Labour moved Demand No. XVII-Education, Sports, Art and Culture and Demand No. XXIV-Labour, Labour Welfare and Welfare of Non-Residents and Dr. R. Bindu, Minister for Higher Education and Social Justice moved Demand No. XLVI-Social Security and Welfare for the amounts shown respectively against them under column No. 7 in the list of Demands for Grants.

Shri K. N. Balagopal, Minister for Finance laid on the Table statements under Rule 236 (3) relating to Demands Nos XVII, XXIV and XLVI.

The cut motions for Demand Nos XVII, XXIV and XLVI were not moved. Then the Demand No. XVII, XXIV and XLVI were passed by the House without any discussion.

The House adjourned at 11.49 a.m. to meet again at 9.00 a.m on Tuesday, March 21, 2023.

A. M. BASHEER,
*Secretary.*